KARIKKAMPALLY
SZ 212

കറുത്ത അരയന്നവും സുവിശേഷസന്തോഷവും

ഡോ. സ്കറിയാ സക്കറിയ

ഓർക്കാപ്പുറത്തു ചില സത്യങ്ങൾ നമ്മുടെ ജീവിതസാഹചര്യങ്ങളെ പ്രകാശമാനമാക്കിക്കൊണ്ട് മിന്നൽപ്പിണർപോലെ കടന്നുവരുന്നു. അതു നമ്മുടെ ധൈഷണികതയെ മൊത്തത്തിൽ മാറ്റിമറിക്കുന്നു. ആ സത്യം അതിനു മുമ്പും അവിടെയുണ്ടായിരുന്നു. എന്നാൽ അതിന്റെ പ്രസക്തിയും സാധ്യതകളും അതിനു മുമ്പ് അത്രയ്ക്കു വെളിപ്പെട്ടിരുന്നില്ല. നമുക്കു മനസ്സിലാകാത്ത ലോകത്തിലാണ് നാം ജീവിക്കുന്നതെന്ന വിസ്മയരസത്തിലേക്ക് ഇതു നമ്മെ നയിക്കുന്നു. മനുഷ്യനും ലോകവും തമ്മിലുള്ള അറിവുവഴിയെക്കുറിച്ച് ഏറെ ചിന്താപദ്ധതികൾ വികാസം പ്രാപിച്ചുവരുന്ന കാലമാണിത്. എല്ലാം മനസ്സിലാക്കി കണക്കുകൂട്ടി സുനിശ്ചിതമായി ചുവടുവയ്ക്കാനുള്ള സാധ്യതയില്ല. വിസ്മയങ്ങൾക്കു തയ്യാറായി സഞ്ചരിക്കാനാണ് ധൈഷണികത (cognitivism) നമ്മെ പ്രചോദിപ്പിക്കുന്നത്. സമീപകാലത്ത് നസ്സിം നിക്കോളാസ് താലേബ് എന്ന ജ്ഞാനശാസ്ത്രജ്ഞൻ ഇതേക്കുറിച്ചെഴുതിയ രണ്ടു ഗ്രന്ഥങ്ങൾ ഏറെ ചർച്ചചെയ്യപ്പെടുന്നു. ഒന്നാമത്തെ പുസ്തകം *കറുത്ത അരയന്നം*. രണ്ടാമത്തേത് *അചഞ്ചലത* എന്നു തൽക്കാലം (തൃപ്തിയില്ലാതെ) തർജമ ചെയ്യുന്ന ആന്റിഫ്രെജയിൽ (Antifragile). കറുത്ത അരയന്നമോ? അതേ, പുരാതന റോമൻസാഹിത്യത്തിലടക്കം പല സാഹിത്യകൃതികളിലും നാടോടിക്കഥകളിലും കറുത്ത അരയന്നമുണ്ടായിരുന്നു. എന്നാൽ അതൊരു ഭാവനാസൃഷ്ടി മാത്രമായിട്ടാണ് ബുദ്ധിമാന്മാർ പരിഗണിച്ചിരുന്നത്. അനേക നൂറ്റാണ്ടുകൾക്കുശേഷം പെട്ടെന്നൊരു ദിവസം ആസ്ട്രേലിയയിൽ കറുത്ത അരയന്നത്തെ കണ്ടെത്തി. അതേ, സത്യം അതിന്റെ തികഞ്ഞ ഭൗതികതയിൽ പ്രത്യക്ഷപ്പെട്ടു വിജ്ഞാനമണ്ഡലത്തെ അമ്പരപ്പിച്ചു. ഇതുപോലെ ഒരു വിസ്മയമാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആഗോള കത്തോലിക്കസഭ ലോകത്തിനു നൽകിയത്. ഓർക്കാപ്പുറത്തു ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ സ്ഥാനത്യാഗം ചെയ്യുന്നു. നൂറ്റാണ്ടുകളായി കേട്ടുകേഴ്വിയില്ലാത്ത സംഭവം. പുതിയ മാർപ്പാപ്പയായി ലത്തീനമേരിക്കയിൽനിന്നു താരതമ്യേന അജ്ഞാതനായ ഒരു കർദ്ദിനാൾ തെരഞ്ഞെടുക്കപ്പെടുന്നു.

പുതിയ പോപ്പു സ്വീകരിച്ച പേര് കത്തോലിക്കസഭയിലും പുറത്തും കൗതുകവാർത്തയായി. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇറ്റലിയിൽ പ്രഭുകുടും

ബത്തിൽ ജനിച്ചു. സമ്പത്തിന്റെ വഴിവിട്ടു ദാരിദ്ര്യവ്രതത്തിൽ ജീവിതം നയിച്ച ചരിത്രപുരുഷനാണ് ഫ്രാൻസീസ് അസ്സീസി (11811226). ഇന്നും ഇറ്റലിയിൽ സഞ്ചരിക്കുന്നവർ ഭക്ത്യാദരപൂർവം കടന്നുചെല്ലുന്ന സ്ഥലമാണ് ശാന്തി നിറഞ്ഞ അസ്സീസി. ഫ്രാൻസീസ് പുണ്യവാളൻ മലയാളികൾക്കു പല നിലകളിൽ സുപരിചിതനാണ്. ഏറ്റവും ഒടുവിൽ 'പ്രാഞ്ചിയേട്ടനി'ലൂടെ വിശുദ്ധിയുടെ പുതിയൊരു ഭാഷ്യമായി ഫ്രാൻസീസ് തരംഗം കേരളത്തിലുണ്ടായി. ഇന്നത്തെ നിലയിൽ ലോകം ഫ്രാൻസീസ് അസ്സീസിയെ ഉറ്റുനോക്കുന്നതു പരിസ്ഥിതിബോധത്തിന്റെ പുണ്യവാളൻ എന്ന നിലയിലാണ്. പരിസ്ഥിതിബോധത്തിന്റെ അടിസ്ഥാനമായ ലാളിത്യവും സമഭാവനയും സാഹോദര്യവും മിതത്വവും സമാധാനവും ഉദ്ഘോഷിക്കാനുള്ള വ്യഗ്രതകൊണ്ടാവണം പുതിയ പാപ്പ പതിവു വിട്ടു ഫ്രാൻസീസ് എന്ന പേരു സ്വീകരിച്ചത്. ഒരു വർഷത്തിനുള്ളിൽ ഫ്രാൻസീസ് പാപ്പ അപ്രതീക്ഷിതമായി പലതും ചെയ്തു. ഇരുപതാം നൂറ്റാണ്ടിൽ, ജനപ്രീതി നേടിയ ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പ (1958 -1963) ടെലിവിഷന്റെ വളർച്ചയ്ക്കിടയിലാണ് ടെലിവിഷൻ ബിംബമായി ലോകമെങ്ങും സഞ്ചരിച്ചെത്തിയതെങ്കിൽ ഫ്രാൻസീസ് പാപ്പ നവസാമൂഹികമാധ്യമങ്ങളിലൂടെ താരമായി മാറുന്നുവെന്ന വിലയിരുത്തലുണ്ട്. ഏതായാലും ഇപ്പോൾ ലോകം വിസ്മയകരമായ ഇടപെടലുകൾ കാത്തു മാർപ്പാപ്പയെ ഉറ്റുനോക്കുന്നു. മാധ്യമങ്ങൾ ഫ്രാൻസീസ് മാർപ്പാപ്പയെ മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും മത്സരിക്കയാണ്.

പോപ്പ് ഫ്രാൻസീസിന്റെ ലാളിത്യം, വേഷത്തിലും യാത്രയിലും ഭാഷയിലും പെരുമാറ്റത്തിലുമുള്ള സാഹോദര്യവും സമഭാവനയും ലോകജനതയിൽ കൗതുകമുണർത്തി. പാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു വത്തിക്കാൻ ഗ്യാലറിയിൽ പ്രത്യക്ഷപ്പെട്ട നിമിഷംതന്നെ വേഷത്തിലും ഭാഷയിലുമുള്ള ലാളിത്യം ലോകം ശ്രദ്ധിച്ചു. കിരീടംവെച്ചു രാജകീയപ്രൗഢിയോടെ സംസാരിക്കുന്ന പ്രകടനപരത ഉപേക്ഷിച്ചു സാധാരണമനുഷ്യരെപ്പോലെ പെരുമാറി. താമസം വത്തിക്കാൻ കൊട്ടാരം വിട്ട് അതിഥിമുറിയിൽ. റോമിലെ സഞ്ചാരത്തിന് ആഡംബരകാറുകൾ ഉപയോഗിക്കാതെ പൊതുവാഹനങ്ങൾ. കോടികൾ വിലയുള്ള കാറുകളിൽ സഞ്ചരിക്കുന്ന കത്തോലിക്കമെത്രാന്മാർ കേരളത്തിൽ വിരളമല്ല എന്ന് ഓർക്കുമ്പോഴാണ് പോപ്പ് ഫ്രാൻസീസിന്റെ അനന്യത വെളിവാകുന്നത്. ജർമ്മനിയിലെ ഒരു കത്തോലിക്കമെത്രാനെ ആഡംബരപ്രകടനത്തിന്റെ പേരിൽ സ്ഥാനഭ്രഷ്ടനാക്കിയത് ഇക്കാര്യത്തിൽ പോപ്പിനുള്ള ദൃഢനിശ്ചയം വെളിവാക്കുന്നു. സ്ഥാനാരോഹണവേളയിൽ അനുസരണം വാഗ്ദാനം ചെയ്യാൻ കർദ്ദിനാളന്മാർ എത്തിയപ്പോൾ പാരമ്പര്യം ലംഘിച്ച് എഴുന്നേറ്റുനിന്നാണ് പുതിയ മാർപ്പാപ്പ അവരെ സ്വീകരിച്ചത്. ഇത്തരം നടപടികൾ പ്രതീകാത്മകമാണ്. പെട്ടെന്നു ലോകം മുഴുവൻ കത്തോലിക്കർ മാർപ്പാപ്പയെ അനുകരിക്കുമെന്നു കരുതേണ്ട.

വിവാഹമോചനം, സ്വവർഗ്ഗരതി, വൈദികബ്രഹ്മചര്യം തുടങ്ങിയ കാര്യങ്ങളിൽ പാരമ്പര്യവാദിയാണ് ഫ്രാൻസീസ് പാപ്പ. ഇക്കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുള്ളവരോടുള്ള മനോഭാവത്തിലാണ് ഫ്രാൻസീസ് പാപ്പ വ്യത്യസ്തനാകുന്നത്. ലോകത്തെ മുഴുവൻ വിധിക്കാനിരിക്കുന്ന ന്യായാധിപനല്ല, പടക്കളത്തിൽ മുറിവേറ്റവർക്കു രോഗീശുശ്രൂഷ നൽകുന്ന എളിയ പ്രവർത്തകനാണു താനെന്ന് ഫ്രാൻസീസ് പാപ്പ പറയുന്നു. ഈ വാക്കുകളിൽ തെളിഞ്ഞുനിൽക്കുന്ന എളിമയും സേവനസന്നദ്ധതയും സഹാനുഭൂതിയും സംവാദാത്മകതയും വർത്തമാനകാലം ഏറെ കൊതിക്കുന്നതാണ്. ദൈവനാമത്തിൽ മനുഷ്യരെ കലഹിപ്പിക്കുകയും പ്രകൃതിയെ കൊള്ളയടിക്കുകയും കമ്പോളത്തിൽ കൊള്ള നടത്തുകയും ചെയ്യുന്നവരുടെ ഭീകരവേഷങ്ങൾ ചുറ്റുപാടും കാണുകയും കേൾക്കുകയും ചെയ്യുന്ന സാധാരണമലയാളിക്കു ഫ്രാൻസീസ് പാപ്പ കത്തോലിക്കസഭയുടെ പുതുമയാർന്ന മുഖമാണ്. സൗമ്യതയും ഉത്സാഹവും സർവ്വോപരി കരുതലുമാണ് ഫ്രാൻസീസ് പാപ്പയുടെ വാക്കുകളിലും നടപടികളിലും. മതാധികാരത്താൽ അവഗണിക്കപ്പെട്ടവർ, ശപിക്കപ്പെട്ടവർ, നിന്ദിക്കപ്പെട്ടവർ എല്ലാവരും ഫ്രാൻസീസ് പാപ്പയിൽ പ്രത്യാശയുടെ വെളിച്ചം കാണുന്നു. ഇവരുടെ പ്രതീക്ഷകൾ നിറവേറുമോ? 'ഉവ്വ്' എന്നു പറയാൻ എനിക്കു ധൈര്യം പോരാ. ഏതായാലും ഇവരോടുള്ള സമീപനം കരുതലുള്ളതായില്ലെങ്കിൽ സഭയുടെ ധാർമ്മികസൗധം ചീട്ടുകൊട്ടാരംപോലെ തകർന്നടിയുമെന്ന് ഫ്രാൻസീസ് പാപ്പ മുന്നറിയിപ്പു നൽകുന്നു.

കത്തോലിക്കസഭയുടെയും ലോകത്തിന്റെയും കെട്ടുപാടുകൾ കഴിഞ്ഞ ദശകങ്ങളിൽ ഏറെ മാറിയിരിക്കുന്നു. കമ്പോളശക്തികൾ എല്ലായിടത്തും ജാഗ്രതക്കണ്ണുകളുമായി നിലയുറപ്പിച്ചിരിക്കുന്നു. സ്വാശ്രയകോളജിലും പശ്ചിമഘട്ടസംരക്ഷണത്തിലും എല്ലാം വമ്പിച്ച സാമ്പത്തിക സാമൂഹിക ഘടനകളുണ്ട്. ഉപഭോഗവ്യഗ്രതയും ഹിംസയും ദുർഭാഷണവും അധികാരത്തിന്റെ മറപറ്റി കടന്നുവരികയാണ്. അതിന്റെ ഇരകളായ മതനേതാക്കൾ സ്വയം വേട്ടക്കാരായി മാറുന്നു. അതിന്റെ ഇരകൾ 'ജാലിയൻവാലാബാഗ് മാതൃക'യിലുള്ള സമരം താമരശ്ശേരിയിൽ ഉണ്ടാകുമെന്നു ഭീഷണിപ്പെടുത്തുന്നു. അവരാണ് ചോരക്കളം സൃഷ്ടിക്കാൻ വ്യഗ്രതപ്പെട്ട് ഇടുക്കിയിൽ പവ്വർഹൗസ് ഉപരോധിക്കാൻ ഇറങ്ങിപ്പുറപ്പെടുന്നത്. ചരിത്രവിരുദ്ധതയും ചരിത്രവക്രീകരണവുമാണ് അവരുടെ യുദ്ധസാമഗ്രികൾ. സാധാരണജനങ്ങളെ വികാരം കൊള്ളിക്കാനുള്ള ഇന്ധനമാണവർക്കു മിഥ്യാചരിത്രം. അതു വിദ്വേഷക്കലിയാക്കി അവർ ഭരണകൂടത്തിന്റെയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും നിസ്സഹായരായ പൗരന്മാരുടെയും നേർക്കു പ്രയോഗിക്കുന്നു. ഇത്തരം വിദ്വേഷാഗ്നി കാണുമ്പോൾ പോപ്പ് ഫ്രാൻസീസിന്റെ സമീപനത്തിനുള്ള പുതുമയും പ്രസക്തിയും വെളിവാകും.

വത്തിക്കാനിലെ ഭരണസിരാകേന്ദ്രം, വിശിഷ്യ സാമ്പത്തികവിഭാഗം ഏറെ കുപ്രസിദ്ധമാണ്. ദൈവനാമത്തിൽ എല്ലാം രഹസ്യമായി ചെയ്യുന്ന ഇക്കൂട്ടർ പകൽക്കൊള്ളയുടെയും അന്തർദ്ദേശീയ നിയമലംഘനത്തിന്റെയും ദ്രവ്യാർത്തിയുടെയും ഇടങ്ങളിലാണ് രാപ്പാർത്തിരുന്നത് എന്നു തിരിച്ചറിഞ്ഞിട്ടും അവരോട് ഏറ്റുമുട്ടാൻ മാർപ്പാപ്പമാർ തയ്യാറായില്ല. പോപ്പ് ഫ്രാൻസീസ് അധികാരമേറ്റതോടെ ഈ മാഫിയയെ നേരിട്ടു. പലരെയും പുറത്താക്കി. അഴിമതിയുടെ കാര്യങ്ങൾ വിശദമായി അന്വേഷിക്കാൻ കമ്മീഷനുകളെ നിയമിച്ചു. എല്ലാം രഹസ്യമാക്കി വയ്ക്കണം, വിശിഷ്യ സാമ്പത്തിക ഇടപാടുകൾ എന്ന നയം ചോദ്യം ചെയ്തതു നിസ്സാരകാര്യമല്ല. ചരിത്രം ആവശ്യപ്പെടുന്നതു സുതാര്യതയാണ്.

കത്തോലിക്കസഭയിലെ സാധാരണവിശ്വാസികളും സന്ന്യാസീനീ സന്ന്യാസികളും വൈദികരും ആഗ്രഹിക്കുന്നത് അതാണ്. കണക്കു ചോദിച്ചാൽ അഹിതമാകും, പാപമാകും എന്നു ഭയപ്പെട്ടു മൗനം പാലിക്കുന്നവരാണ് പലരും. വെളുത്ത പണത്തെക്കാൾ കറുത്ത പണമാണ് ഏറെ നേട്ടമുണ്ടാക്കുന്നത് എന്ന മിഥ്യയിൽ അകപ്പെട്ടവർ വളർച്ചവാദികളായി കറുത്ത ഇടപാടുകളെ പ്രോത്സാഹിപ്പിക്കുന്നു. കേരളത്തിൽ സ്വാശ്രയവിദ്യാലയങ്ങൾ പെരുകിയതോടെ നിയമവിരുദ്ധമായി സമാഹരിക്കുന്ന പണം വിനിയോഗിക്കാൻ കറുത്ത ശ്രൃംഖലകൾ ഏറെ വികസിച്ചിട്ടുണ്ട്. വത്തിക്കാൻ ബാങ്കിന്റെ ദുരനുഭവമെങ്കിലും ഇവരുടെ കണ്ണു തുറപ്പിച്ചിരുന്നെങ്കിൽ! കോടിക്കണക്കിനു രൂപയുടെ തട്ടിപ്പുകൾ പോലും ദുരഭിമാനത്തിന്റെ പേരിൽ മൂടിവച്ച് കുറ്റക്കാരായ വൈദികരെ സംരക്ഷിക്കുന്നവർ ഉദാരമായ ക്ഷമയുടെ മാതൃകയല്ല, അക്ഷന്തവ്യമായ കൃത്യവിലോപമാണു കാട്ടുന്നത്. ഫ്രാൻസീസ് പാപ്പയുടെ നടപടികൾ ഇക്കാര്യം വിളംബരം ചെയ്യുന്നു.

വാക്കുകളിൽ പ്രകടമാകുന്ന പാരമ്പര്യബോധം ഉപേക്ഷിക്കാതെതന്നെ സ്വന്തം കർമ്മങ്ങൾകൊണ്ട് പുതിയ മാർപ്പാപ്പ, ഫ്രാൻസീസ് പാപ്പ ഒരു ജ്ഞാനവിപ്ലവം സൃഷ്ടിച്ചു. ഫ്രാൻസീസ് എന്ന പേരു സ്വീകരിച്ചതു മുതൽ ജ്ഞാനവിപ്ലവം തുടങ്ങി. കനകസിംഹാസനത്തിൽ ഉപവിഷ്ഠനാകാൻ വിസമ്മതിച്ചു. പുതിയ അറിവുവഴികൾ തുറന്നു. താമസം വത്തിക്കാൻ കൊട്ടാരത്തിലേക്കു മാറ്റാൻ വിസമ്മതിച്ചു. ആഡംബരവും മതജീവിതവും തമ്മിലുള്ള പൊരുത്തക്കേടു വെളിവാക്കി. രോഗികളോടും കുഞ്ഞുങ്ങളോടും കുറ്റവാളികളോടും സഹോദരനെപ്പോലെ പെരുമാറി. 'ഞാൻ അല്മേനികളുടെ കാൽ കഴുകില്ല, വൈദികരുടെ കാലുകൾ മാത്രമേ കഴുകൂ' എന്നു കേരളത്തിലെ ചില ഇടയന്മാർ പൈസഹാ വ്യാഴാഴ്ച ശാഠ്യം പിടിച്ചു നിൽക്കുമ്പോൾ റോമിൽ തടവറയിൽ കഴിയുന്ന കുറ്റവാളികളുടെ കാലുകൾ കഴുകി. സ്ത്രീകൾ മദ്ബഹായിൽ പ്രവേശിച്ചാൽ വിശുദ്ധസ്ഥലത്തു മ്ലേച്ഛതയാകും എന്നു ശഠിച്ചു പറയുന്ന ഇടയന്മാരെ ഞെട്ടിച്ചുകൊണ്ട് മാർപ്പാപ്പ പാരമ്പര്യം മറികടന്നു സ്ത്രീകളുടെ പാദങ്ങൾ കഴുകി. അതും

ക്രൈസ്തവേതരരായ സ്ത്രീകളുടെ പാദങ്ങൾ. ചെയ്തികളിലെ ഈ വിപ്ലവത്തിന് സൈദ്ധാന്തിക അടിത്തറ നൽകിക്കൊണ്ട് 'സുവിശേഷ സന്തോഷ'ത്തെക്കുറിച്ച് അപ്പസ്തോലിക പ്രബോധനം പുറപ്പെടുവിച്ചു. ആദ്യന്തം പ്രകടമാകുന്ന ലാളിത്യവും സത്യാത്മകതയുംകൊണ്ട് ഈ പ്രബോധനം പുതിയ ജ്ഞാനവിപ്ലവത്തിന്റെ കാഹളമായി. ബുദ്ധികൗശലത്തെക്കാൾ സത്യത്തിന്റെയും സ്നേഹത്തിന്റെയും കരുണയുടെയും നീതിയുടെയും സ്വരമാണ് അതിൽ മുഴങ്ങിനിൽക്കുന്നത്. പുതിയ പാപ്പയുടെ കർമ്മങ്ങളും വാക്കുകളും മാധ്യമങ്ങളുടെ സഹകരണത്തിൽ ആഗോളശ്രദ്ധ നേടി. കുറേക്കാലമായി സാമ്പത്തിക ധൂർത്ത്, സ്വവർഗ്ഗരതി, ലൈംഗികപീഡനം, ആരാധനക്രമപുനരുദ്ധാരണം, വനിതാപൗരോഹിത്യം തുടങ്ങിയ വിഷയങ്ങളിൽ കുടുങ്ങിക്കിടക്കുകയായിരുന്ന കത്തോലിക്കസഭയെക്കുറിച്ചുള്ള മാധ്യമ ചർച്ചകൾ ഒറ്റയടിക്ക് താലേബിന്റെ കറുത്ത അരയന്നത്തെപ്പോലെ മാറ്റിമറിച്ചുകളഞ്ഞു ഫ്രാൻസീസ് പാപ്പ. കത്തോലിക്കസഭയുടെ പരമ്പരാഗത പ്രബോധനങ്ങളിലും കർമ്മപദ്ധതികളിലും ഈ കറുത്ത അരയന്നമുണ്ടായിരുന്നു എന്നു ലളിതമായി നാം തിരിച്ചറിയുന്നു. ഇതൊരു പ്രത്യക്ഷീകരണമാണ്, എപ്പിഫനി തന്നെ.

കത്തോലിക്കസഭയിലെ പുതിയ പ്രത്യക്ഷീകരണത്തിന്റെ ഏറ്റവും ശ്രദ്ധേയമായ ഫലം സഭയുടെ കാതലായ സന്ദേശം ഇപ്പോൾ മാധ്യമശ്രദ്ധ നേടിയിരിക്കുന്നു എന്നതാണ്. മാധ്യമീകരിക്കപ്പെട്ട ലോകത്തു വിഷയനിർദ്ദേശം നടത്താൻ കഴിയുന്നതാണ് മഹാകാര്യം. കത്തോലിക്കസഭയെക്കുറിച്ചു കഴിഞ്ഞ പത്തു മാസത്തിനുള്ളിൽ വന്ന വാർത്തകൾ ചിഹ്നരൂപത്തിൽ ഫ്രാൻസീസ് പാപ്പയിൽ പ്രകാശിച്ചു. 2013-ലെ ഏറ്റവും ശ്രദ്ധേയനായ വ്യക്തിയായി, വാർത്താവ്യക്തിത്വമായി പ്രസിദ്ധമായ ടൈം വാരിക ഫ്രാൻസീസ് മാർപ്പാപ്പയെ തിരഞ്ഞെടുത്തത് തികച്ചും സ്വാഭാവികം. കത്തോലിക്കസഭയുടെ മാധ്യമ പ്രതിനിധാനത്തിലുണ്ടായ മാറ്റമായി വേണം ഇതിനെ കണക്കാക്കാൻ. മാധ്യമയുഗത്തിൽ മാധ്യമചിഹ്നങ്ങളിലൂടെ അറിവുവഴി തിട്ടപ്പെടുത്താം. വാർത്തകളിൽ, മാധ്യമശൃംഖലയിൽ, വിനിമയത്തിൽ പ്രത്യക്ഷപ്പെടുന്ന സത്യങ്ങൾ യഥാർത്ഥലോകംപോലെ സുപ്രധാനമായിത്തീരുന്നു. മാധ്യമസത്യങ്ങളും ഭൗതികസത്യങ്ങളും ഇടകലർന്നാണ് നമ്മുടെ അറിവുലോകം രൂപപ്പെടുന്നത്. സുവിശേഷവൽക്കരണം നടക്കേണ്ടത് ഈ അറിവുശൃംഖലയിലാണ്. ഭൗതികവസ്തുതകളും മാധ്യമസത്യങ്ങളും ഇടകലർന്നു കിടക്കുന്ന ശൃംഖലയിൽ താൻകേമത്തം കാട്ടി കണ്ടവരോടെല്ലാം കലഹിച്ചു കെറുവിച്ചു നടക്കുന്നവർ സുവിശേഷത്തെ അതിന്റെ സ്വാഭാവികസന്തോഷം നശിപ്പിച്ചു മർദ്ദനോപകരണമാക്കുന്നു. അതുപയോഗിച്ചു ലോകത്തെ പീഡിപ്പിക്കുന്നു. ചരിത്രത്തിൽ ഇതിന് ഉദാഹരണങ്ങൾ സുലഭം. കുരിശുയുദ്ധങ്ങൾ, ഇൻക്വിസിഷൻ എന്ന മതവിചാരണ തുടങ്ങിയവ സുപരിചിത ഉദാഹരണങ്ങൾ. നമ്മുടെ കാല

ഘട്ടത്തിൽ സമകാലിക സാംസ്കാരികരൂപങ്ങളോടായിരുന്നു ഏറ്റമുട്ടൽ. പുത്തൻ സാമ്പത്തിക സാമൂഹികപ്രസ്ഥാനങ്ങൾ, പുത്തനറിവുകൾ, സാങ്കേതികവിദ്യ, മാധ്യമശൃംഖലകൾ തുടങ്ങിയവയോടെല്ലാം കെറുവിച്ചു നീങ്ങാനായിരുന്നു പല മതപ്രമാണികൾക്കും താല്പര്യം. ഇതിൽനിന്നുള്ള വ്യതിയാനമായിരുന്നു ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പയും രണ്ടാം വത്തിക്കാൻ സൂനഹദോസും. ഇപ്പോൾ അമ്പതു വർഷത്തിനുശേഷം സമകാലിക സാംസ്കാരിക ശൃംഖലയിലേക്കു സ്നേഹദൂതുമായി ഫ്രാൻസീസ് മാർപ്പാപ്പ കടന്നുവരുന്നു. കത്തോലിക്കസഭയ്ക്കു മാധ്യമശൃംഖലയിൽ തിളക്കം നൽകുന്ന പുത്തൻ സന്ദേശം എന്താണ്? അതാണ് കൗതുകകരം. നിത്യനൂതനമായ ആ സന്ദേശം അതു പുത്തൻ സാഹചര്യങ്ങളിൽ തർജമ ചെയ്ത് അവതരിപ്പിക്കുന്നു.

'തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഏതൊരാളും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കാൻ അവനെ നൽകാൻ തക്കവണ്ണം അത്രയ്ക്കു ദൈവം ലോകത്തെ സ്നേഹിച്ചു. കാരണം, ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തിനു ശിക്ഷ വിധിക്കാനല്ല. മറിച്ച് അവൻ വഴി ലോകം രക്ഷ പ്രാപിക്കാനാണ്' (യോഹന്നാൻ 3: 16, 17).

ഇതിലുണ്ട് സുവിശേഷത്തിന്റെയും സുവിശേഷീകരണത്തിന്റെയും മർമ്മം — 'അത്രയ്ക്കു ദൈവം ലോകത്തെ സ്നേഹിച്ചു.' ലോകത്തെയും ലോകരെയും വെറുക്കുന്ന മതാത്മകപാരമ്പര്യങ്ങളെ ഈ പ്രസ്താവം റദ്ദാക്കുന്നു. നമ്മുടെ കണ്ണുകളിൽ വികൃതമെന്നു തോന്നുന്ന രൂപങ്ങൾ ദൈവസ്നേഹസമ്പർക്കത്തിൽ സൗന്ദര്യമായി പരിണമിക്കുന്നു. അതുകൊണ്ടാണ് സുവിശേഷവൽക്കരണത്തിന് ഇറങ്ങിത്തിരിച്ചവർ നിസ്വരെയും രോഗികളെയും പാപികളെയും തേടിപ്പോയത്. ഇതാണ് സുവിശേഷകർത്തൃത്വം. നിർഭാഗ്യവശാൽ പ്രലോഭനങ്ങൾക്ക് അടിമപ്പെട്ട് ആഗോളവൽക്കരണകാലത്തു മനുഷ്യർ സംരംഭകകർത്തൃത്വം ഏറ്റെടുക്കുന്നു. അതായത്, ഏറ്റവും ലാഭകരമായതാണ് ഏറ്റവും നല്ലത്. അതാണ് തങ്ങളുടെ നിയോഗം എന്ന മട്ടിൽ ലോകത്തെ വെറും കമ്പോളമാക്കി മാറ്റുന്നു. ഇതിനെയാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ വിഗ്രഹാരാധന എന്നു ഫ്രാൻസീസ് മാർപ്പാപ്പ വിശേഷിപ്പിച്ചത്. കേരളത്തിലെ കത്തോലിക്കസഭയും ശ്രദ്ധാപൂർവം വീണ്ടുവിചാരം നടത്തേണ്ട വിഷയമാണിത്. മികവുറ്റ സ്ഥാപനങ്ങൾ പല രംഗങ്ങളിലും കേരളത്തിൽ കത്തോലിക്കർക്കുണ്ട്. അവ അനുദിനപ്രവർത്തനങ്ങളിൽ സുവിശേഷ കർത്തൃത്വമാണോ, കണക്കുവയ്ക്കാത്ത ദൈവസ്നേഹമാണോ പ്രകടമാക്കുന്നത് എന്ന കാര്യം വിമർശനാത്മകമായി പരിശോധിക്കണം. പല സന്ന്യാസസഭകളും അവരുടെ സംരംഭകകർത്തൃത്വത്തിന്റെ പേരിൽ മാത്രം മാധ്യമശൃംഖലയിൽ അടയാളപ്പെടുന്നു എന്നതാണ് ഇന്നത്തെ സാമാന്യാനുഭവം. ലോകമാധ്യമശൃംഖലകളിൽ അടയാളപ്പെടുന്ന ജ്ഞാനവിപ്ലവം ശ്രദ്ധിക്കപ്പെടുന്നില്ല.

മാധ്യമശൃംഖലയിൽ തെളിയുന്ന സുവിശേഷകർത്തൃത്വവും കേരളത്തിലെ അനുദിനജീവിതവും

കത്തോലിക്കസഭയുടെ സമകാലിക മാധ്യമപ്രതിനിധാനത്തെ സ്വാധീനിച്ച നയരൂപത്തിലുള്ള ഒരു കുറുമൊഴി ഇവിടെ ഓർമ്മിക്കട്ടെ. സഭയുടെ തലവൻ എന്ന നിലയിൽ മാർപ്പാപ്പയെ സമീപിച്ച് പത്രപ്രവർത്തകർക്കു സന്മാർഗ്ഗപ്രമാണങ്ങൾ, സഭയിലെ വിലക്കുകൾ തുടങ്ങിയവയെക്കുറിച്ചുള്ള നൂറായിരം ചോദ്യങ്ങൾ ഉയർത്തുമ്പോൾ അദ്ദേഹം മറുപടി പറഞ്ഞു: 'ഇവയൊക്കെ ഇപ്പോൾ സജീവ ചർച്ചയിലില്ല. അല്ലെങ്കിൽ മുൻഗണനാക്രമത്തിൽ ഇവയൊന്നും മുൻനിരയിലില്ല.' ആരെയൊക്കെ, എന്തിനെയൊക്കെ ശപിച്ചുതള്ളുന്നു എന്നതായിരുന്നു പത്രക്കാരുടെ ജിജ്ഞാസ. മാർപ്പാപ്പ തുറന്നടിച്ചു: 'സ്വവർഗ്ഗാനുരാഗികളെയും വിവാഹമോചിതരെയും വിധിക്കാൻ ഞാൻ ആരാണ്?' ഈ പ്രസ്താവത്തിൽ പ്രകടമാകുന്ന വിനയവും പരിഗണനയും കാരുണ്യവും സുവിശേഷസന്തോഷമായി അനേകർ ഹൃദയത്തിൽ ഏറ്റുവാങ്ങി. ശിക്ഷ വിധിക്കാനല്ല, രക്ഷ നൽകാനാണ് സുവിശേഷം എന്ന അനുഭവം മാധ്യമശൃംഖലയിലൂടെ പ്രകാശിച്ച മുഹൂർത്തമാണിത്. താലേബിന്റെ പുസ്തകത്തിൽ പറയുന്നതനുസരിച്ച് കറുത്ത അരയന്നം പ്രത്യക്ഷപ്പെടുന്നു! വിധിയും ശാപവും കണക്കുവയ്ക്കാത്ത സ്നേഹത്തിന് ഇവിടെ വഴിമാറുന്നു. തിന്മയെ അംഗീകരിക്കാതെതന്നെ തിന്മ ചെയ്തവരെ രക്ഷാകരസ്നേഹത്തിൽ ഉൾക്കൊള്ളുന്ന സുവിശേഷസന്തോഷമായി കറുത്ത അരയന്നം കടന്നുവരുന്നു. കത്തോലിക്കവിശ്വാസത്തിനു പുറത്തുള്ളവരെ സുവിശേഷവെളിച്ചത്തിലേക്ക് ആകർഷിച്ച മറ്റൊരു സന്ദേശമായിരുന്ന കത്തോലിക്കദൈവം എന്ന സങ്കല്പത്തിന്റെ നിരാകരണം. എല്ലാവർക്കുമായുള്ള ഏകദൈവത്തിലാണ് താൻ വിശ്വസിക്കുന്നതെന്ന മാർപ്പാപ്പയുടെ സന്ദേശം മതാന്തരസൗഹാർദ്ദത്തിനും സംഭാഷണത്തിനും വഴിതുറക്കുന്നു. ചുരുക്കത്തിൽ, എളിമയുടെയും സാഹോദര്യത്തിന്റെയും സമഭാവനയുടെയും സ്നേഹപ്രവാഹമായി സുവിശേഷസന്തോഷം ഇപ്പോൾ മാധ്യമശൃംഖലയിൽ പ്രസരിക്കുന്നു. മറിച്ചുള്ള സാക്ഷ്യങ്ങൾ ഏറെയുണ്ടെന്നു മറക്കുന്നില്ല. കേരളംപോലെ ഒരു പ്രദേശത്ത് കഴിഞ്ഞ ഏതാനും ദശകങ്ങൾക്കുള്ളിൽ പൊതുസമൂഹത്തിലുണ്ടായ ആർത്തി സഭയെയും സഭാസ്ഥാപനങ്ങളെയും ബാധിച്ചിരിക്കുന്നു. കൂറ്റൻ സ്ഥാപനങ്ങൾ പടുത്തുയർത്തി പരമാവധി ലാഭമുണ്ടാക്കാൻ ഏറെ കാര്യക്ഷമമായ ഭരണക്രമം കൊണ്ടുവരിക എന്ന നയം സാർവത്രികമായിരിക്കുന്നു. പൊതുധാരയിൽനിന്ന് ഒറ്റപ്പെട്ടു സുവിശേഷമൂല്യങ്ങൾ പ്രകാശിപ്പിക്കൻ ചില വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും നടത്തുന്ന വീരോചിതമായ ധാർമ്മികപോരാട്ടം മറക്കുന്നില്ല. ഈ ലേഖനത്തിൽ സൂചിപ്പിച്ച സുവിശേഷസന്തോഷത്തിന്റെ പുത്തൻ ഉണർവ് ഇപ്പോഴും കേരളസമൂഹത്തിൽ പ്രകടമായിട്ടില്ല എന്നു ഖേദപൂർവം പറ

യേണ്ടിയിരിക്കുന്നു. തുറന്ന ചർച്ചയോ സംവാദങ്ങളോ നടക്കുന്നില്ല. അടഞ്ഞ മുറിയിൽ നടക്കുന്നത് ഗൂഢാലോചനകളാണെന്നു സംശയിക്കണം. പുതിയ സ്നേഹദൂതിലെ നീതിബോധവും കാരുണ്യവും അട്ടിമറിച്ച് മതത്തിലെ വിപണിതന്ത്രങ്ങൾ നിലനിറുത്താനുള്ള ഗൂഢാലോചന. ഇതുകൊണ്ടൊന്നും സുവിശേഷസന്തോഷം അമർച്ചചെയ്യപ്പെടുമെന്നു കരുതുന്നില്ല. ആരെല്ലാം എങ്ങനെയെല്ലാം തമസ്കരിച്ചാലും സുവിശേഷം വാഗ്ദാനം ചെയ്യുന്ന സന്തോഷം നിലയ്ക്കില്ല. കാരണം, അത്രമേൽ ദൈവം മനുഷ്യനെ സ്നേഹിക്കുന്നു. ഈ സ്നേഹത്തിനു കുടുംബത്തിന്റെയും വംശത്തിന്റെയും പശ്ചാത്തലത്തിൽ ബൈബിൾ നൽകുന്ന മനോഹര സാഹിത്യാഖ്യാനമാണ് റൂത്തിന്റെ പുസ്തകം. നവോമിയും റൂത്തും തമ്മിലുള്ള സ്നേഹമാണ് ഗ്രന്ഥത്തിന്റെ മുഖ്യപ്രമേയം. അതു സമുദായാചാരങ്ങളനുസരിച്ച് സാഹസികവഴികളിലൂടെ രക്ഷയുടെ വഴി തുറക്കുന്നു.

ഇത്തരം സ്നേഹത്തെക്കുറിച്ചാണ് സുഗതകുമാരി എഴുതുന്നത്.

''ഒരു പൂവുപോൽ പൂത്തു -
നിന്നൊരു മുഗ്ദ്ധ സ്നേഹ-
മൊരു ദീപമായ്, ദീപ്ത-
താരമായ്, മഹാസൂര്യ-
കിരണങ്ങളായെന്റെ-
യാത്മാവിലോളം തല്ലി
യിളകീടുന്നു! മുക്ത-
കണ്ഠമായ് പാടട്ടേ ഞാൻ!...'
- അത്രമേൽ സ്നേഹിക്കയാൽ

പാവം മാനവഹൃദയത്തെ മുൻനിർത്തിയുള്ള കവിവാക്യങ്ങൾ ഇപ്പോൾ സുവിശേഷസന്തോഷമായി മാധ്യമശൃംഖലയിൽ സന്മനസ്സുള്ളവർക്ക് അനുഭവിക്കാം.

ഭീഷണി നേരിട്ടു ശീലമുള്ളയാളാണ് ഫ്രാൻസീസ് പാപ്പ. പാപ്പായും സഭാധികാരവും മാറ്റങ്ങൾ വരുത്താൻ മടിക്കില്ല എന്നാണ് സൂചനകൾ. കാത്തിരുന്നു കാണാം. മാറ്റങ്ങൾ ഉണ്ടാകും എന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം. കാരണം എന്തെന്നോ? യാഥാസ്ഥിതിക സംവിധാനം നാമനിർദ്ദേശം ചെയ്ത് അധികാരസ്ഥാനത്തു കൊണ്ടുവന്ന കർദ്ദിനാളന്മാരാണ് ഈ പോപ്പിനെ വോട്ടു ചെയ്ത് അധികാരത്തിൽ കൊണ്ടുവന്നത്. അതിനർത്ഥം, ഭാവനാത്മകമായ ഈ ഫലിതോക്തിയിലുണ്ട്: 'വല്ലപ്പോഴുമെങ്കിലും പരിശുദ്ധാത്മാവ് (Holy Ghost) സഭയിൽ സന്ദർശനം നടത്താറുണ്ട്'.

കളരിക്കലച്ചൻ അനുസ്മരണകൂട്ടായ്മയ്ക്കുവേണ്ടി
അന്ത്രയോസ് മാറാട്ടുകളം 9605114154 ജോസ് ഇളപ്പുങ്കൽ 9847046365
തങ്കച്ചൻ ജെ. മുളവന 9947043025